<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2454</u> <u>15-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കല്യാശ്ശേരി മണ്ഡലത്തിലെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്.<br><br>സൂപ്പർകപ്പാസിറ്റർ ഉല്പാദന കേന്ദ്രത്തിന്റെ ഒന്നാംഘട്ട പൂർത്തീകരണ ഉദ്ഘാടനം 2024, ഒക്ടോബർ 1 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. 42 കോടി രൂപ മുതൽ മുടക്കിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ചെലവ് 18 കോടി രൂപയാണ് പ്രതിദിനം 2000 സൂപ്പർ കപ്പാസിറ്റർ ഉല്പാദനശേഷി ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ 4 കോടി രൂപ ചെലവിൽ നിർമ്മിച്ച ഡ്രൈറൂമുകളും, വിദേശത്തു നിന്നും ഇറക്കുമതി ചെയ്തവയുൾപ്പെടെ 11 ൽപരം മെഷിനറികളും ഉൾപ്പെടുന്നു. നാലാം വർഷത്തോടെ 22 കോടി രൂപയുടെ വാർഷിക വിറ്റുവരവ്, പ്രതീക്ഷിക്കുന്നു. ISRO യുടെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനങ്ങളായ CMET, NMPL (DRDO) എന്നിവയും സഹകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ